"ഭരണഭാഷ - മാതൃഭാഷ"

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**

(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, കേരള

ടെലഫോൺ നം. : 91 471 2514468, 2514206, 2514587, 2514365

ഫാക്സ് : 0471 2446480, ഇമെയിൽ : dpr@kseb.in

വെബ് സൈറ്റ് : www.kseb.in CIN : U40100KL2011SGC027424

**സംഗ്രഹം**

പബ്ളിക് റിലേഷൻസ് വകുപ്പ് - മലയാള മനോരമ ദിനപത്രം - ടെൻഡർ പരസ്യ നിരക്ക് പുതുക്കുന്നത് - അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കോർപ്പറേറ്റ് ഓഫീസ് (പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്)**

**ബോ.ഉ(എഫ്.ടി.ഡി) നം. 678/2021(പി.ആർ/എം.സി-1/1491/മലയാള മനോരമ/2021)**
**തിരുവനന്തപുരം, തീയതി 17/09/2021**

---

പരാമർശം : 1) B.O.(FTD) No. 107/2015(PR/MC2/Rate Revision/NP/14-15) Dated Thiruvananthapuram 15.01.2015.

2) മലയാള മനോരമ മാർക്കറ്റിംഗ് ജനറൽ മാനേജരുടെ 23.08.2021-ലെ 20/21/MKTG/TVM നമ്പർ കത്ത്.

3) ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസറുടെ ചുമതല വഹിക്കുന്ന ചീഫ് പേഴ്സണൽ ഓഫീസർ ഫുൾടൈം ഡയറക്ടർമാർക്ക് സമർപ്പിച്ച 31.08.2021 -ലെ നമ്പർ. പി.ആർ/എം.സി-1/1491/മലയാള മനോരമ/2021 കുറിപ്പ്. (അജൻഡ 51/9/21).

**ഉത്തരവ്**

പ്രചാരത്തിൽ മുന്നിട്ടു നിൽക്കുന്ന ദിനപത്രങ്ങളായ മലയാള മനോരമ, മാതൃഭൂമി എന്നിവയുടെ പരസ്യ നിരക്കുകൾ കാലാകാലങ്ങളിൽ ചർച്ചകളിലൂടെ നിർണ്ണയിക്കാൻ പരാമർശം (1) പ്രകാരം ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

നിലവിൽ മലയാള മനോരമ ദിനപത്രത്തിന്റെ ടെൻഡർ പരസ്യ നിരക്ക് 2,150/- രൂപയാണ്. 2019 ഓഗസ്റ്റ് മുതലാണ് ഈ നിരക്ക്. 2021 ഏപ്രിൽ ഒന്ന് മുതൽ അവർ നിരക്ക് വർദ്ധന ആവശ്യപ്പെട്ടെങ്കിലും ചർച്ചകളെ തുടർന്ന് ആറു മാസത്തേക്ക് കൂടി പഴയ നിരക്ക് തുടരാൻ സമ്മതിക്കുകയുണ്ടായി. 2021 ഒക്ടോബർ ഒന്ന് മുതൽ നിരക്ക് പുനർ നിർണ്ണയിക്കണമെന്ന് അവർ പരാമർശം 2 പ്രകാരം ആവശ്യം ഉന്നയിച്ചു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് പ്രത്യേക നിരക്കായി ചതുരശ്ര സെന്റീമീറ്ററിന് 2,250/- രൂപയെന്നാണ് അറിയിച്ചത്.

(മറുപുറം)

മേൽ വിവരങ്ങൾ ഉൾപ്പെടുത്തി പരാമർശം (3) പ്രകാരം ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസറുടെ ചുമതല വഹിക്കുന്ന ചീഫ് പേഴ്സണൽ ഓഫീസർ സമർപ്പിച്ച കുറിപ്പ് 10.09.2021-ൽ ചേർന്ന മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗം വിശദമായി പരിശോധിക്കുകയും ചുവടെ ചേർക്കുന്ന തീരുമാനം എടുക്കുകയും ചെയ്തു.

മലയാള മനോരമ ദിനപത്രത്തിനുള്ള പ്രത്യേക പരസ്യ നിരക്ക് ചതുരശ്ര സെന്റീമീറ്ററിന് 2,250/- രൂപ (രണ്ടായിരത്തി ഇരുന്നൂറ്റി അൻപത് രൂപ മാത്രം)-യായി 01.10.2021 മുതൽ പുതുക്കി നിശ്ചയിച്ചു.

ഈ തുക ബോർഡിന്റെ പൊതുഭരണ ചെലവിൽ വകയിരുത്തേണ്ടതാണ്.

ഇതനുസരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഫുൾടൈം ഡയറക്ടർമാരുടെ
ഉത്തരവിൻ പ്രകാരം
ഒപ്പ്/-
ലേഖ. ജി
കമ്പനി സെക്രട്ടറി ഇൻചാർജ്ജ്

സ്വീകർത്താവ് : ചീഫ് പബ്ളിക് റിലേഷൻസ് ഓഫീസർ.

പകർപ്പ് :

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടി.എ/
ഡയറക്ടർമാരുടെ ടി.എ./കമ്പനി സെക്രട്ടറി /
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ(ഐ.റ്റി)/എ.ജി./
ലീഗൽ ലെയ്സൺ ഓഫീസർ/ഫയൽ/
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്

17/09